**ഭരണഭാഷ - മാതൃഭാഷ**

WEBSITE: www.keralapsc.gov.in
E-MAIL: kpsc.psc@kerala.gov.in Telephone No: 0474 -2743624

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കൊല്ലം.**

ചുരുക്കപ്പട്ടിക നമ്പർ : 45/2022/DOQ കൊല്ലം
കാറ്റഗറി നമ്പർ : 547/19 തീയതി : 28.12.2022

**വിജ്ഞാപനം**

**31.12.2019** തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം **കൊല്ലം ജില്ലയിൽ NCC വകുപ്പിൽ Rs.17,000-37,500** രൂപ ശമ്പള നിരക്കിൽ **ബോട്ട്കീപ്പർ (വിമുക്തഭടന്മോർ/ ടെറിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മാത്രം) (Cat.No.547/2019)** തസ്തികയുടെ നിയമനത്തിനായി 13.10.2022, 14.10.2022, 15.10.2022 തീയതികളിൽ നടത്തിയ നീന്തൽ പരീക്ഷയിൽ വിജയിച്ച് തുടർന്നുള്ള പ്രായോഗിക പരീക്ഷയിൽ പങ്കെടുക്കുവാൻ സോപാധികമായി അർഹത നേടിയ ഉദ്യോഗാർത്ഥികളുടെ ചുരുക്ക പട്ടിക ചുവടെ ചേർക്കുന്നു.

ഉദ്യോഗാർത്ഥികളുടെ നീന്തൽ പരീക്ഷയ്ക്കായുള്ള സീരിയൽ നമ്പറുകളുടെ ആരോഹണക്രമത്തിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

| | | | | | |
|---|---|---|---|---|---|
| 02 | 03 | 06 | 17 | 18 | 29 |
| 35 | 40 | 42 | 44 | 50 | 53 |
| 55 | 69 | 70 | 80 | 93 | 94 |
| 102 | 104 | 113 | 122 | 126 | 127 |
| 130 | 133 | 137 | 143 | 145 | 150 |
| 152 | 153 | 164 | 169 | 172 | 174 |
| 184 | 197 | 198 | 199 | | |

**കുറിപ്പ്-1** ഉദ്യോഗാർത്ഥികൾ സമർപ്പിച്ചിട്ടുള്ള പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന നടത്തി അപേക്ഷകൾ അഡ്മിറ്റ് ചെയ്യുന്നതിനും അടുത്ത ഘട്ടത്തിലെ പ്രായോഗിക പരീക്ഷയ്ക്കും വിധേയമായി തികച്ചും സോപാധികമായാണ് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലിസ്റ്റിൽ ഉൾപ്പെടുന്നുവെന്നത് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുവാൻ ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും പ്രദാനം ചെയ്യുന്നില്ല.

**കുറിപ്പ്-2** ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള അവകാശങ്ങളുടെയും നീന്തൽ പരീക്ഷയുടെയും അടിസ്ഥാനത്തിലാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിരിക്കുന്നത്. അപേക്ഷ സമർപ്പിച്ചതിനു ശേഷമുള്ള അവകാശവാദങ്ങളൊന്നും തന്നെ ഈ തെരഞ്ഞെടുപ്പിനായി പരിഗണിക്കുന്നതല്ല.

**കുറിപ്പ്-3** ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, സർവീസ് സംബന്ധമായ വിവരങ്ങൾ, ശാരീരിക ക്ഷമത, ജാതി തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ കമ്മീഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

**കുറിപ്പ്- 4** അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധന പിന്നീട് നടത്തുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട പ്രമാണങ്ങൾ ഹാജരാക്കാത്തവരെയും മറ്റ വിധത്തിൽ ന്യൂനതകൾ ഉള്ളതായ അപേക്ഷകൾ സമർപ്പിച്ചവരെയും മറ്റൊരറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

**കുറിപ്പ്-5** ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തെരഞ്ഞെടുപ്പ് നടപടികളുടെ അടുത്ത ഘട്ടമായി ഒരു പ്രായോഗിക പരീക്ഷ (**Simple Boat Handling**) നടത്തുന്നതാണ്. ടി പരീക്ഷയ്ക്കുള്ള തീയതി, സ്ഥലം , സമയം എന്നിവ SMS/Profile message മുഖേന ഉദ്യോഗാർത്ഥികളെ അറിയിക്കുന്നതാണ്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ, തങ്ങളുടെ പ്രൊഫൈലിൽ നിന്ന് പ്രായോഗിക പരീക്ഷയ്ക്കായുള്ള Hall Ticket ഡൗൺലോഡ് ചെയ്ത്, ഹാൾ ടിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവ സഹിതം ടി മെമ്മോയിൽ സൂചിപ്പിക്കുന്ന തീയതിയിലും സമയത്തും ടി പരീക്ഷ സ്ഥലത്ത് നിർബന്ധമായും ഹാജരാകേണ്ടതാണ്. ടി പരീക്ഷയിൽ പങ്കെടുത്ത് വിജയിക്കുന്നവരെ മാത്രമേ തുടർന്നുള്ള തെരഞ്ഞെടുപ്പിനായി പരിഗണിക്കുകയുള്ളൂ. ഏതെങ്കിലും കാരണവശാൽ പ്രായോഗിക പരീക്ഷയിൽ പങ്കെടുക്കാത്തവർക്ക് മറ്റൊരു അവസരം നൽകുന്നതല്ല.

**കുറിപ്പ്-6** ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ G.O(P) No. 81/2009/SC/ST/DD dated.26.09.2009 പ്രകാരമുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നും ലഭ്യമാകുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും OTR വേരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

**രാധാകൃഷ്ണപിള്ള. കെ**
**ജില്ലാ ആഫീസർ,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ്, കൊല്ലം.**

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ